"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൃശ്ശൂർ ജില്ലയിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വാസഗൃഹം നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുന്നതിനായി സോയിൽ മൂവ്മെന്റ് പെർമിറ്റ് ലഭിക്കുന്നതിന് അധികമായി അടവാക്കിയ തുക റീഫണ്ട് ചെയ്തു നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1072/2026/LSGD തീയതി, തിരുവനന്തപുരം, 29-05-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16-07-2025, 27.03.2026 തീയതികളിലെ LSGD/PD/22085/2025-REV1 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നെല്ലുവായി ദേശത്തു ചീരോത്ത് വീട്ടിൽ ശ്രീമതി സജിനി ശ്രീധർകുമാർ എന്നയാൾക്ക് വാസഗൃഹം നിർമിക്കുന്നതിന് സ്ഥലം നിരപ്പാക്കേണ്ടി വന്നതിനാൽ മണ്ണ് നീക്കം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ പ്രകാരം സോയിൽ മൂവ്മെന്റ് പെർമിറ്റ് ലഭിക്കുന്നതിനായി **43,495/-** രൂപ (നാല്പത്തിമൂന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) അടയ്ക്കുന്നതിനു അപേക്ഷകയ്ക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് അക്ഷയ വഴി ഓൺലൈൻ ആയി ചലാൻ തയ്യാറാക്കി 13.10.2023 തീയതി 0853-00-102-99-04 ഹെഡിൽ 43,495/- രൂപ GRN-KL021412961202324M ചലാൻ ആയി അടവാക്കിയിരുന്നുവെന്നും ആയതു പരിശോധിച്ചതിൽ ടി ചലാൻ ഭവാനി എന്നയാളുടെ പേരിലാണ് തയ്യാറാക്കിയതെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യം അപേക്ഷകയെ അറിയിച്ചിരുന്നുവെന്നും അപേക്ഷകയായ ശ്രീമതി സജിനി ശ്രീധർകുമാർ 11/12/2023 ന് GRN-KL027315324202324M നമ്പർ ചലാൻ നമ്പർ പ്രകാരം 43,945/- രൂപ വീണ്ടും അടവാക്കിയിട്ടുണ്ടെന്നും അപേക്ഷകന്റെ പേര് തെറ്റായി രേഖപ്പെടുത്തി 13/10/2023 തീയതിയിൽ തൃശൂർ സബ് ട്രഷറിയിൽ 0853-00-102-99-04 ഹെഡിൽ അടച്ച 43,495/- രൂപ ശ്രീമതി സജിനി ശ്രീധർകുമാറിന് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശത്തിലെ 16.07.2025-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുക റീഫണ്ട് ചെയ്യുന്നതിന് ചുമതലപ്പെടുത്തുന്നതിനായി എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഡിഡിഒ കോഡും പരാമർശത്തിലെ 27.03.2026-ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വാസഗൃഹനിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ പ്രകാരം സോയിൽ മൂവ്മെന്റ് പെർമിറ്റ് ലഭിക്കുന്നതിനായി രണ്ട് വ്യക്തികളുടെ

പേരിലും ഒടുക്കിയിട്ടുള്ള തുക യഥാർത്ഥ അപേക്ഷകയായ ശ്രീമതി സജിനി ശ്രീധർകുമാർ ഒടുക്കിയതാണെന്ന് ഉറപ്പു വരുത്തിയ ശേഷം, അധികമായി അടച്ച തുകയായ 43,495/- രൂപ, തുക ഒടുക്കിയ 0853-00-102-99-04 എന്ന ശീർഷകത്തിൽ നിന്ന് തന്നെ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടു പിൻവലിച്ച്, ശ്രീമതി സജിനി ശ്രീധർകുമാറിന് റീഫണ്ട് ചെയ്തു നൽകുന്നതിന് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ (DDO Code: 1305520111) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ശ്രീമതി സജിനി ശ്രീധർകുമാർ, ചീരോത്ത് വീട്, നെല്ലുവായി, എരുമപ്പെട്ടി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, തൃശ്ശൂർ
ധനകാര്യ(ഡെവ-വിംഗ്) വകുപ്പ് (28-11-2025-ലെ ഡെവ-4/276/2025-ധന(ഇ:3316567) നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Rajesh N
Date: 29-05-2026 17:27:36
സെക്ഷൻ ഓഫീസർ